# 19. എഫ്-16

പാകിസ്ഥാന് അമേരിക്ക മുന്നൂററിയിരുപത്തു കോടി ഡോളർ വിലയുള്ള ആയുധങ്ങൾ ഇപ്പോൾ നൽകുന്നുണ്ട്. 'അഫ്ഘാനിസ്ഥാനിലെ സോവി യററാക്രമണം പാകിസ്ഥാൻെറ സുരക്ഷയ്ക്കു ഭീഷണിയാണ്. പാകിസ്ഥാ ൻെറ ആയുധങ്ങളാണെങ്കിൽ പഴഞ്ചനും. അതിനാൽ, ആയുധസഹായം വാങ്ങാൻ പാകിസ്ഥാൻ തയ്യാറെങ്കിൽ, അതു നൽകുന്നത് അമേരിക്കയുടെ താല്പര്യമാണ്. ശ്രീമതി ഇന്ദിരാഗാന്ധി വാഷിങ്ടണിലോ മററു സ്ഥലങ്ങളിലോ എന്തു പറഞ്ഞാലും, ഞങ്ങളുടെ ഈ നയത്തിൽ യാതൊരു മാററവും ഉണ്ടായിട്ടില്ല' എന്നത്രേ ഇതു സംബന്ധിച്ച് പാകിസ്ഥാനിലെ അമേരിക്കൻ അംബാസഡർ പ്രസ്താവിച്ചതു്.

അതിഭീമമായ ഈ ആയുധസഹായത്തിൻെറ തുടക്കമായി, 'എഫ്-16' എന്ന ഇനത്തിൽപെട്ട ഒരു വിമാനം ഒക്ടോബർ മധ്യത്തിൽ അമേരിക്ക പാകിസ്ഥാന് ഏല്പിച്ചുകൊടുത്തു. ഈ വിമാനത്തിനു രണ്ടു കോടി ഡോളർ ആണു വില. ഇത്തരം നാല്പതു വിമാനങ്ങൾ അമേരിക്ക പാകിസ്ഥാനു കൊടുക്കും. ലോകത്തിൽ ഇന്നുള്ള യുദ്ധവിമാനങ്ങളിൽ ഏററവും മികച്ചതു് 'എഫ്-16' ആണത്രേ. ആകാശത്തിൽവെച്ചു മററു വിമാനങ്ങളെ എതിർക്കാനും, ഒരേസമയം ആറു ടൺ കനമുള്ള ബോംബു കളും ബോംബുകൾ ഘടിപ്പിച്ച റോക്കററുകളും വഹിച്ച് ബഹുദൂരം പറ ക്കാനും, ബോംബുകളും മിസ്സൈലുകളും ലക്ഷ്യം തെററാതെ പ്രയോഗി ക്കാനും ഈ വിമാനത്തിനു കഴിയും. വിമാനം പറക്കുമ്പോൾ അതിൻെറ ചിത്രം ശത്രുക്കളുടെ റഡാറുകളിൽ വരാതാക്കാനും, താഴെ ആക്രമിക്കേണ്ട ലക്ഷ്യങ്ങൾ ഏതാനും വാരകൾക്കകം കൃത്യമായി നിർണയിക്കാനും വേണ്ട യന്ത്രസംവിധാനങ്ങൾ 'എഫ്-16-ൽ' ഉണ്ട്. അതിനാൽ ഇവയ്ക്കു കണ്ടുപിടിക്കപ്പെടാതെ ശത്രുരാജ്യങ്ങളിലൂടെ വളരെ ദൂരം, താഴ്ന്നോ ഉയർന്നോ പറക്കാൻ കഴിയുന്നു. ലെബനോണിലെ ബക്കാ താഴ്വരയിൽ സിറിയക്കാർ പ്രയോഗിക്കാനൊരുക്കിവെച്ചിരുന്ന റഷ്യൻ മിസ്സൈലുകൾ തകർക്കാൻ ഇസ്രായേൽ ഉപയോഗിച്ചതു് 'എഫ്-16' വിമാനങ്ങളാണ്. ഏതാനും മാസങ്ങൾ മുമ്പ്, രണ്ടായിരം കിലോമീററോളം ദൂരം പറന്നു പോയി ഇറാക്കിലെ അണുവൈദ്യുതീനിലയം ബോംബെറിഞ്ഞു പൊടിഭസ്മമാക്കാനും ഇസ്രായേൽ 'എഫ്-16' വിമാനങ്ങളെയാണ് ആശ്രയിച്ചതു്. പല യുദ്ധരംഗങ്ങളിൽ അടുത്ത കാലത്തുണ്ടായ പ്രകടന ങ്ങൾ മുൻനിറുത്തി നോക്കുമ്പോൾ 'എഫ്-16' വിമാനങ്ങൾ അജയ്യങ്ങളാ ണ്. ഇത്തരം നാല്പതു വിമാനങ്ങളും, അവയിലേക്കാവശ്യമായ ആയുധ ങ്ങളും മററു സാധനങ്ങളും, ഇവ പ്രയോഗിക്കാൻ അമേരിക്കയിൽ ദീർഘ കാലശിക്ഷണം നേടിയ പടയാളികളും കൈവശം വന്നാൽ, പാകിസ്ഥാൻ അതെല്ലാം എങ്ങനെ ഉപയോഗപ്പെടുത്തും? അമേരിക്ക പറയുംപോലെ, റഷ്യക്കെതിരെ വേണ്ടാസനത്തിനു ചെന്ന് പാകിസ്ഥാൻ സ്വയം നശിക്കു മോ? അതോ ഇതിനു മുമ്പു പലകുറി ചെയ്തതുപോലെ, ഈ നശീകരണാ യുധങ്ങൾ ഉപയോഗിച്ച് ഇന്ത്യയുടെ മെയ്ക്കിട്ടു കേറുമോ?

1965-ലും 1971-ലും യുദ്ധമുണ്ടായപ്പോൾ, പാകിസ്ഥാൻെറ വിമാന പ്പടയെ നിലത്തുവെച്ചു നിഷ്ക്രിയമാക്കുവാൻ ഇന്ത്യൻപട്ടാളത്തിനു കഴിഞ്ഞു. അന്നും പാകിസ്ഥാൻെറ കൈയിൽ കരുത്തേറിയ അമേരിക്കൻ 'മിറാഷ്' വിമാനങ്ങളുണ്ടായിരുന്നു. പക്ഷേ, അവ പറപ്പിക്കാനുള്ള പരിചയം പാകിസ്ഥാൻപട്ടാളക്കാർക്ക് കുറവായിരുന്നു. ഇന്ത്യയുടെ കൈയിൽ

അന്നുണ്ടായിരുന്ന വിമാനങ്ങൾ താരതമ്യേന പഴഞ്ചനായിരുന്നു; എങ്കിലും ഇന്ത്യൻ പട്ടാളക്കാർക്ക് വിദഗ്ദ്ധമായി സ്വന്തം ആയുധങ്ങൾ ഉപയോഗിക്കാൻ അറിയാമായിരുന്നു. കൂട്ടത്തിൽ, വെടിക്കോപ്പുകളും യന്ത്രസാമഗ്രികളുടെ സ്പെയർപാർട്ടുകളും പാകിസ്ഥാന് അന്നു കുറവായിരുന്നുവത്രേ. ഇതുകൊണ്ടാണ് തങ്ങൾ അത്തവണ ഇന്ത്യയെ തകർക്കാതിരുന്നതെന്ന്, അക്കാലത്ത് പാകിസ്ഥാന്റെ വിമാനസൈന്യത്തിന്റെ മേധാവിയായിരുന്ന എയർ മാർഷൽ അസ്ഗർഖാൻ തന്റെ 'ഒന്നാംവട്ടം' (ഫസ്റ്റ് റൗണ്ട്) എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. പാകിസ്ഥാനും ഇന്ത്യയും തമ്മിലുള്ള യുദ്ധം അവസാനിച്ചിട്ടില്ലെന്നും, അതിന്റെ 'ഒന്നാംവട്ട'ത്തിൽ പിണഞ്ഞ തോൽവിക്ക് അടുത്ത വട്ടത്തിൽ പകരം വീട്ടിക്കൊള്ളാമെന്നുമുള്ള ഒരു പ്രഖ്യാപനമാണ് അസ്ഗർഖാന്റെ പുസ്തകത്തിന്റെ പേരുതന്നെ.

പാകിസ്ഥാൻ ഉടലെടുത്തശേഷം, ആ രാജ്യത്ത് ജനാധിപത്യം വളരെ കുറച്ചു കാലമേ നിലനിന്നിട്ടുള്ളൂ. ഇപ്പോഴത്തെ പട്ടാളഭരണം അവിടെ നിലവിൽ വന്നിട്ട് അഞ്ചുവർഷമായി. ജീവിതത്തിന്റെ എല്ലാം രംഗങ്ങളും പാകിസ്ഥാനിൽ ഇപ്പോൾ നിയന്ത്രിക്കുന്നത് പട്ടാളക്കാരാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം പാകിസ്ഥാൻ പട്ടാളക്കാരുടെ ഉദ്ദേശ്യമെന്തെന്ന് അസ്ഗർഖാന്റെ പുസ്തകം വ്യക്തമാക്കുന്നു. കാശ്മീരിന്റെ വടക്കേ പകുതിയിലൂടെ യുദ്ധതന്ത്രപ്രാധാന്യമുള്ള കാറക്കോറം ഹൈവേ ചൈനയുടെ സഹായത്തോടെ പാകിസ്ഥാൻ പൂർത്തിയാക്കിക്കഴിഞ്ഞു. ഒന്നാംകിടയിൽപ്പെട്ട ഏതാനും (എത്രയെന്ന് അറിഞ്ഞുകൂടാ) മുങ്ങിക്കപ്പലുകളും പാകിസ്ഥാൻ നേടിയിട്ടുണ്ട്. ഇവയിൽ ഒന്നിനെ അടുത്ത കാലത്ത് കേരളത്തിനു പടിഞ്ഞാറ് കടലിൽ കണ്ടതായി റിപ്പോർട്ട് ഉണ്ടായിരുന്നു. കഴിഞ്ഞ ഇന്ത്യാ—പാകിസ്ഥാൻ യുദ്ധത്തിൽ പാകിസ്ഥാന്റെ കപ്പൽപ്പടയെ കറാച്ചിയിൽ തടഞ്ഞുനിർത്താൻ ഇന്ത്യയുടെ കപ്പൽപ്പടയ്ക്കു കഴിഞ്ഞു. ഇനിയൊരു യുദ്ധമുണ്ടായാൽ ഇതേ നില ആവർത്തിച്ചുകൊള്ളണമെന്നില്ല.

പാകിസ്ഥാനും ഇന്ത്യയും തമ്മിൽ കാശ്മീരിനെച്ചൊല്ലിയുള്ള തർക്കം ഇപ്പോഴും ഒരു പഴയ വ്രണംപോലെ ചീഞ്ഞളിഞ്ഞു രണ്ടു ഭാഗത്തും വേദനയും അസഹ്യതയും ഉളവാക്കിക്കൊണ്ടിരിക്കുന്നു. ബംഗ്ലാദേശ് സ്വാതന്ത്ര്യം നേടിയത് ഇന്ത്യയുടെ സഹായംകൊണ്ടാണെന്ന വസ്തുത പാകിസ്ഥാന് മറക്കാൻ ആവുന്നില്ല. മുമ്പു നടന്ന യുദ്ധങ്ങളിലെ പരാജയങ്ങൾക്കു പക വീട്ടാൻ പാകിസ്ഥാൻപട്ടാളം ആഗ്രഹിച്ചാൽ അതു സ്വാഭാവികം മാത്രം. ഇന്ത്യയിൽ കൂടെക്കൂടെ നടക്കുന്ന സാമുദായിക ലഹളകളുടെ ഊതിപ്പെരുപ്പിച്ച ചിത്രം പാകിസ്ഥാനികൾക്ക് അവിടുത്തെ പത്രങ്ങളും റേഡിയോവും നിരന്തരം നല്കുന്നുണ്ട്. ഇസ്ലാമിക് ഫണ്ടമെന്റലിസത്തിന്റെ കൂട്ടു പിടിച്ചാണു പാകിസ്ഥാനിൽ പട്ടാളം ഭരണം നടത്തുന്നത്. റഷ്യയോടു ചേർന്നു നില്ക്കുന്നതിന് ഇന്ത്യയെ ഒരു പാഠം പഠിപ്പിക്കണമെന്ന് അമേരിക്കൻ ഭരണവർഗം വളരെക്കാലമായി ആഗ്രഹിക്കുന്നുണ്ട്. ഇതിന്നായി ഐക്യരാഷ്ട്രസഭയിൽ രാഷ്ട്രീയതലത്തിലും, ഐക്യരാഷ്ട്രസഭയ്ക്കു പുറമേ പട്ടാളതലത്തിലും അമേരിക്ക പാകിസ്ഥാനെ നിരന്തരമായി തുണച്ചുവരുകയാണ്. കണക്കിലേറെ എണ്ണപ്പണം കൈവശമുള്ള പല അറബിരാജ്യങ്ങളും ആയുധം വാങ്ങാൻ പാകിസ്ഥാനു പണം കൈയയച്ചു നല്കുന്നുണ്ട്. ഇതിനു പ്രതിഫലമായി അവിടങ്ങളിലെ ഭരണാധികാരികൾക്ക് സ്വന്തം ചോറ്റുപട്ടാളങ്ങളുടെ സേവനം പാകിസ്ഥാൻ നല്കിവരുന്നതായും പറയപ്പെടുന്നു.

ഈ വസ്തുതകളിൽ നിന്നെല്ലാം ഉത്ഭവിക്കുന്ന നിഗമനം ഒന്നാണ്— പാകിസ്ഥാനും ഇന്ത്യയും തമ്മിൽ യുദ്ധരംഗത്തിൽ ഏറ്റുമുട്ടലുകൾ ഇനിയും ഉണ്ടായിക്കൂടെന്നില്ല. അങ്ങനെ ഉണ്ടാകുന്ന പക്ഷം ഡൽഹി മാത്രമല്ല, കന്യാകുമാരിയും രാമേശ്വരവുംകൂടി ബോംബിട്ടു തകർക്കാൻ വേണ്ട കഴി

വ് 'എഫ്–16' വിമാനങ്ങളിലൂടെ പാകിസ്ഥാൻ നേടിക്കൊണ്ടിരിക്കയാണ്. അതുപോലെ ഇന്ത്യൻ കടൽത്തീര നഗരങ്ങളെ ആകെ വെടിവെച്ചു തകർക്കാൻ പാകിസ്ഥാൻ നാവികപ്പടയ്ക്കു കഴിവ് കൈവന്നിട്ടുണ്ടോ എന്നു നമുക്ക് അറിവായിട്ടില്ല. ഇനിയൊരു ഇന്ത്യാ–പാകിസ്ഥാൻ യുദ്ധമുണ്ടായാൽ അപ്പോൾ ബംഗാൾ ഉൾക്കടലോ അറബിക്കടലോ ഇന്ത്യൻ കപ്പലുകൾക്ക സുരക്ഷിത മേഖലയായിക്കൊള്ളണമെന്നില്ല. ഈ ആണ്ടിൽ പാകിസ്ഥാൻ ഗവണ്മെൻറിൻെറ ആകെ ബജററ്ചെലവിൽ പകുതിയോളം പട്ടാളങ്ങൾക്കും ആയുധങ്ങൾ വാങ്ങാനും വേണ്ടിയുള്ള ചെലവാണെന്ന കാര്യവും ഓർമിക്കേണ്ടതാണ്.

ഈ പശ്ചാത്തലത്തിൽ വേണം, ഒക്ടോബർ 15–ാം തീയതി പാർലമെൻറിൽ ഇന്ത്യയുടെ രാജ്യരക്ഷാമന്ത്രി ശ്രീ വെങ്കട്ടരാമൻ ചെയ്ത ഒരു പ്രസ്താവനയുടെ അർത്ഥം നാം മനസ്സിലാക്കുക. ശ്രീ വെങ്കട്ടരാമൻ പറഞ്ഞു: 'പാകിസ്ഥാനിലെ സംഭവവികാസങ്ങൾ ഇന്ത്യ ശ്രദ്ധിക്കുന്നുണ്ട്; അവർ വാങ്ങുന്ന ഓരോ ആയുധത്തിനും യുദ്ധോപകരണത്തിനും തുല്യമായവ നാം സംഭരിക്കുന്നുമുണ്ട്.' ഇന്ത്യയിൽ നിർമിക്കുന്ന യുദ്ധോപകരണങ്ങൾക്കും ആയുധങ്ങൾക്കും പുറമേ, സോവിയററ് റഷ്യ, ഫ്രാൻസ്, ബ്രിട്ടൻ, പടിഞ്ഞാറൻ ജർമനി, സ്വീഡൻ, ഇററലി മുതലായ രാജ്യങ്ങളിൽനിന്നും ഇവ വാങ്ങാനുള്ള ഏർപ്പാടുകൾ ഇന്ത്യ ചെയ്തുവരികയാണ്.

സ്വതേ ദരിദ്രരുടെ നാടാണ് ഇന്ത്യ. വരൾച്ചയും വെള്ളപ്പൊക്കവും ഈയാണ്ടിൽ കൃഷിപ്പിഴ വരുത്തിവെച്ചിരിക്കുന്നു. ഗ്രാമങ്ങളിൽ മനുഷ്യർക്കും കന്നുകാലികൾക്കും കുടിനീർ എത്തിക്കുവാൻ ചെലവഴിക്കേണ്ട പണം യുദ്ധോപകരണങ്ങൾ വാങ്ങാൻ വഴിതിരിച്ചുവിടേണ്ടിവരുന്നു. ഈ വൈരുദ്ധ്യം, വ്യസനകരമായ ഈ പരമാർത്ഥം, ഓരോ ഇന്ത്യൻ പൗരനും, സ്വന്തം യുക്തിബോധമനുസരിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മനസ്സിലാക്കുന്നുണ്ടോ? നിരക്ഷരരായ സാധാരണക്കാരുടെ കഥ പോകട്ടെ, കാലുമാററക്കാരും കുതികാൽവെട്ടികളും പാർട്ടി പിളർപ്പന്മാരും ചാക്കിട്ടുപിടിയന്മാരും മററുമായ നമ്മുടെ രാഷ്ട്രീയനേതാക്കൾ ഇതു വല്ലതും മനസ്സിലാക്കുന്നുണ്ടോ? അധികാരത്തിൻെറ ഇളവെയിലിൽ ഇരിക്കാൻ കിട്ടിയ അല്പം സമയം ഉപയോഗിച്ച് ഭാര്യയ്ക്കും കുട്ടികൾക്കും എന്നെന്നേക്കും സുഖമായി കഴിയാൻ വേണ്ട ആസ്തികൾ വാരിക്കൂട്ടുന്നതിൽ മാത്രം കണ്ണുള്ള നമ്മുടെ ഭരണമേധാവിമാർ ഇതിനെപ്പററി ശ്രദ്ധിക്കുന്നുണ്ടോ? സംഘടിച്ച് അവകാശങ്ങൾ പിടിച്ചുപററാൻ സമരം ചെയ്യുന്ന 'ഉദ്ബുദ്ധ' വിഭാഗങ്ങൾ ഇക്കാര്യങ്ങൾ ആലോചിക്കുന്നുണ്ടോ?

ബൈബിളിൽ പറഞ്ഞപോലെ, കണ്ണുള്ളവർ കാണട്ടെ; കാതുള്ളവർ കേൾക്കട്ടെ!

21 നവംബർ, 1982

# 20. വിഭക്ത രാഷ്ട്രങ്ങൾ

'ദൈവം മനുഷ്യനു ഗാഢനിദ്രവരുത്തി, അയാൾ ഉറങ്ങിയപ്പോൾ, അയാളുടെ വാരിയെല്ലുകളിൽ ഒന്ന് എടുത്തു. ദൈവം മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലിനെ സ്ത്രീയാക്കി; അവളെ മനുഷ്യൻെറ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ പറഞ്ഞു: 'ഇതു് എൻെറ അസ്ഥിയിൽനിന്ന് അസ്ഥിയും മാംസത്തിൽനിന്നു മാംസവും ആകുന്നു.' അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു് ഭാര്യയോടു പററിച്ചേരും; അവർ ഏകദേഹമായിത്തീരും.'